# ശൈഖ് കാരക്കുന്നിന് ഒരു കത്ത്

എ. എ. ഹമീദ് കൊച്ചി

★

പ്രതികരണവേദി, കോട്ടക്കൽ, മലപ്പുറം

# ശൈഖ് കാരക്കുന്നിന് ഒരു കത്ത്

എ. എ. ഹമീദ് കൊച്ചി

മാന്യരെ,

അസ്സലാമു അലൈക്കും

ഏതാനും വർഷങ്ങൾക്കുമുമ്പ് താങ്കൾക്ക് ഞാൻ സൽസബീൽ മാസികയിലൂടെ ഒരു തുറന്ന കത്ത് എഴുതിയിരുന്നു. മറുപടി പ്രതീക്ഷിച്ചില്ല. വന്ദ്യവയോധികനായ കെ. ഉമർ മൗലവിയെക്കുറിച്ച് ''അയാളെ ഞാൻ പരിഗണിച്ചിട്ടേയില്ല'' എന്ന് ഒരിക്കൽ ജ: കെ. സി. അബൂബക്കർ മൗലവിക്ക് കത്തെഴുതിയ താങ്കളിൽ നിന്നും ഒരു മറുപടി പ്രതീക്ഷിക്കാനുള്ള മൗഢ്യം എനിക്ക് ഉണ്ടാകാൻ പാടുള്ളതല്ലല്ലോ.

പത്ത് വർഷങ്ങൾക്കുമുമ്പ് ഞാൻ ആ കത്ത് പ്രസിദ്ധീകരണത്തിനു നൽകിയപ്പോൾ താങ്കളുടെ സഹകാരികളും അനുയായികളും താങ്കളെ സംബോധന ചെയ്തിരുന്നത് 'ബ്രദർ കാരക്കുന്ന്' എന്നായിരുന്നു. അതിനാൽ അന്നു ഞാനും അങ്ങനെ വിളിച്ചു. ജമാഅത്തെ ഇസ്ലാമി ജന്മം നൽകി പോററി വളർത്തിയ 'സിമി' യുടെ വക്താവായി താങ്കൾ അരങ്ങുതകർക്കുന്ന അക്കാലത്ത് യുവനേതാക്കൾക്ക് അന്ന് നല്കിവരുന്ന അരുമ പ്രയോഗമായ 'ബ്രദർ' താങ്കൾക്കും നല്കിയിരുന്നു. എന്നാൽ ഇപ്പോൾ താങ്കളുടെ ഹെഡ്നെയിം എന്തെന്ന് എനിക്ക് നിശ്ചയമില്ല. താങ്കളിപ്പോൾ 'സിമി' അല്ലല്ലോ.

വളരെ സൂക്ഷ്മതയോടെ പഠിപ്പിച്ചു പരിശീലിപ്പിച്ച മാർഗ്ഗത്തിലൂടെ മക്കൾ വളർന്നു വരുന്നതിൽ ഏറെ സന്തോഷിക്കുന്നത് മാതാപിതാക്കൾ തന്നെയായിരിക്കും. പിന്നീട് ബന്ധുമിത്രാദികളും. മാർഗ്ഗം തെററുകയും അനുസരണം കെട്ടവനാകുകയും ചെയ്യുമ്പോൾ 'കുരുത്തം കെട്ടവൻ' എന്നാണ് പറയാറുള്ളത്. എന്നാൽ താങ്കൾ നേതൃ പരിശീലനം ശീലിച്ച സിമിയുടെ കാര്യത്തിൽ ഗുരുത്വക്കേട് കാണിച്ചത് അവർക്ക് ജന്മം നൽകി പഠിപ്പിച്ചു പരിശീലിപ്പിച്ച ജമാഅത്തെ ഇസ്ലാമിയാ



യിരുന്നു. മൗലാനാ മൗദൂദി ജന്മം നൽകി പരിശീലിപ്പിച്ചെടുത്ത ജമാഅത്തെ ഇസ്ലാമി, അദ്ദേഹത്തിന്റെ കൃതികൾ വിററ് കാശുണ്ടാക്കുകയും പില്ക്കാലത്ത് അദ്ദേഹത്തെ അർത്ഥത്തിൽ തള്ളിക്കളയുകയും ചെയ്തു, ഈ ഗുരുത്വക്കേട് ഏതായാലും സിമിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല, അവർ പഠിച്ചതും ശീലിച്ചതും മൗദൂദിസമാണ്. പിന്നീട് മൗദൂദിതന്നെ പച്ചക്കൊടി കാട്ടി അംഗീകരിച്ച ഖുമൈനിസവും ജമാഅത്ത് ഗുരുക്കന്മാർ അവരെ പഠിപ്പിച്ചു. അവർ അതുമായി തന്നെ തിന്നും കുടിച്ചും ജീവിച്ചു പോരുന്നു. ജന്മം നൽകിയവർക്ക് കാലുമാറേണ്ടി വന്നു. അപ്പോൾ അവരോടൊത്ത് താങ്കളും കാലുമാറി. ഈ മാററം ഗുരുത്വമോ ഗുരുത്വക്കേടോ എന്ന് പറയാൻ ഞാൻ ആളല്ല.

മൗദൂദിസാഹിബ് 'ഹുക്കുമത്തെ ഇലാഹി' എന്ന മുദ്രാവാക്യമുയർത്തി, അതിനുകീഴിൽ ആടിക്കൂടിക്കഴിയുമ്പോൾ ഈ ശബ്ദം അത്ര പന്തിയല്ലെന്ന് നിങ്ങൾക്ക് തോന്നി. ശൂറയിലൂടെ അത് മാററി ഇഖമാത്തുദ്ദീൻ എന്നാക്കി. കാലുമാററം ആരംഭിച്ചുവെന്ന് ചിലർ ആരോപിച്ചപ്പോൾ വീണ്ടും കാലുറപ്പിച്ചു കൈമാറി, എന്നിട്ട് ഇപ്രകാരം തിരുത്തി. ''ദൈവീക ഭരണമെന്നത് (ഹുക്കുമത്തെ ഇലാഹി) ഇഖാമത്തുദ്ദീനിന്റെ മറെറാരു പേരാണ്. മൗലാനാ മൗദൂദിയും ഞങ്ങളും നിസ്സംശയം ഇഖാമത്തുദ്ദീൻ ലക്ഷ്യമായി അംഗീകരിക്കുന്നു. ഇതു തന്നെയാണ് ജമാഅത്തെ ഇസ്ലാമിയുടെ ലക്ഷ്യം'' (ഇസ്ലാമിനു രാഷ്ട്രീയ വ്യാഖ്യാനമോ, പേ: 16)

മൗദൂദി വളരെ ക്ലേശിച്ചുകൊണ്ട് ഇപ്രകാരം അനുയായികളെ പഠിപ്പിച്ചു. ''ദേശീയ മതേതര ജനാധിപത്യ വ്യവസ്ഥക്കെതിരിൽ ഒരു ദൈവീക അമാനുഷിക ജനാധിപത്യ വ്യവസ്ഥിതിയുടെ സംസ്ഥാപനത്തെയാണ് ആവശ്യപ്പെടുന്നതെന്ന് വ്യക്തം. അതത്രെ ജമാഅത്തെ ഇസ്ലാമിയുടെ ലക്ഷ്യം. (ജമാഅത്തെ ഇസ്ലാമിയുടെ സന്ദേശം. പേ: 32)

വീണ്ടും അദ്ദേഹം നിങ്ങളെ പഠിപ്പിച്ചു. ''നിങ്ങൾ പരിശുദ്ധ ഖുർആനും തിരുദൂതരും ആവിഷ്കരിച്ച ഇസ്ലാമിൽ ആണ് യഥാർത്ഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ, നിങ്ങൾ

എവിടെയായിരുന്നാലും ശരി മതേതര ഭൗതിക സിദ്ധാന്തത്തിലധിഷ്ഠിതമായ ഈ ദേശീയ ജനായത്തത്തെ പ്രതിരോധിക്കുകയും പകരം ദൈവവിശ്വാസത്തിലധിഷ്ഠിതമായ അമാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർത്ഥം സമരം നടത്തുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചുകൂടാത്ത കർത്തവ്യം മാത്രമാകുന്നു. (IBID 38. P)

ഇത്രത്തോളം നിങ്ങളെ എത്തിക്കാൻ മൗദൂദി സാഹിബ് എത്ര ക്ലേശിച്ചിട്ടുണ്ടെന്ന് നേരത്തെ നിങ്ങൾക്കോതി തന്ന വചനങ്ങൾ സാക്ഷിയാണ്. എത്ര കർശനമായ ദൃഢസ്വരത്തിലാണ് അത് നിങ്ങൾക്ക് നൽകിയത്. ശൈഖ് സാഹിബ്, താങ്കൾക്ക് മുമ്പുതന്നെ താങ്കളുടെ ഗുരുക്കന്മാരിത് ആയിരംവെട്ടം ഓതി പഠിച്ചതായിരുന്നു. മൗദൂദി പ്രഖ്യാപിച്ചു.

''ഇന്ത്യാരാജ്യം പരിപൂർണ്ണമായോ ഭാഗികമായോ ഇസ്‌ലാമിക ഭരണ പ്രദേശമായിത്തീരണം. അതിനുവേണ്ടിയുള്ള സമരം മാത്രമേ മതദൃഷ്ട്യാന്തങ്ങൾക്ക് ബാധ്യതയുള്ളൂ. പക്ഷെ ഇന്ത്യ – സ്വാതന്ത്ര്യമാകുന്നതിന്റെ ഫലമായി, നിലവിലുള്ളതുപോലെയോ അതിനേക്കാൾ മോശമായതോ ആയ അമുസ്ലിം ഭരണപ്രദേശമായിത്തീരുകയാണെങ്കിൽ ഞങ്ങളിതാ യാതൊരു ഭയപ്പെടുത്തലും കൂടാതെ ഉറക്കെ, ഉറക്കെ പ്രഖ്യാപിക്കുന്നു. ഇത്തരം ഒരു സ്വതന്ത്രരാജ്യത്തിന് ആയിരംവട്ടം ശാപം! അതിനുവേണ്ടി സംസാരിക്കുക, എഴുതുക, പണം ചെലവാക്കുക, ദണ്ഡനമേൽക്കുക, ജയിലിൽ പോകുക തുടങ്ങിയ സകലതും ഹറാമാണ്. രണ്ടഭിപ്രായമുണ്ടാകാൻ സാധ്യതയില്ലാത്തവണ്ണം വ്യക്തമായ കാര്യമാണിത്. ഖുർആനും സുന്നത്തും മനസ്സിലാക്കിയ ഒരു വ്യക്തി മുനാഫിക്കല്ലെങ്കിൽ ഇതാണ് സത്യമെന്നതിൽ സന്ദേഹിക്കുകയില്ല.'' (ഇന്ത്യൻ സ്വാതന്ത്ര്യസമരവും മുസ്ലിംകളും–ഉറുദു–ലാഹോർ ഭാ. 1: പേ. 97. 98)

ഈ മന്ത്രങ്ങളൊക്കെ ഹൃദിസ്ഥമാക്കിയ ശേഷം താങ്കളുടെ ഗുരുക്കന്മാർ തങ്ങൾ മുനാഫിഖുകളല്ലെന്ന് അസന്നിഗ്ദ്ധമായിപ്രഖ്യാപിച്ചു. ''സാമ്രാജ്യത്വമാകുന്ന ദൈവത്തെ നീക്കം ചെയ്ത് ഭൗതിക പ്രജായത്തമാകുന്ന ദൈവത്തെ ഗവർമെണ്ടാകുന്ന വിഗ്രഹാലയത്തിൽ പ്രതിഷ്ഠിക്കുന്നതുകൊണ്ട് ഒരു മുസ്ലിമിന്റെ അടുക്കൽ ഒരു മാറ്റവും സംഭവിക്കുന്നില്ല. 'ലാത്ത' പോയി



'മനാത്ത' വന്നു എന്ന് മാത്രം. ഒരു വ്യാജ ദൈവത്തിന്റെ സ്ഥാനം മറ്റൊരു വ്യാജ ദൈവം കൈക്കലാക്കി''. (പ്രബോധനം 1950 മെയ് 15)

പഠിച്ചും പറഞ്ഞും എത്തിയത് ഇവിടെയായിരുന്നു. ഇന്ത്യ റിപ്പബ്ലിക്കായ ശേഷം ഈ ഭരണഘടനയെ "മനാത്ത' എന്ന വിഗ്രഹത്തോട് ഉപമിച്ചു. അപ്പോൾ അതിന് വിധേയരായി ജീവിക്കുന്ന കോടാനുകോടി മുസ്‌ലിംകൾ മനാത്തയെ പൂജിച്ച അബൂജഹലിന്റെ അനന്തരവകാശികളുമായി!

നാലുകൊല്ലം പിന്നിട്ടപ്പോൾ മറ്റൊരു പ്രഖ്യാപനം വന്നു ലേഖനം, ഇസ്‌ലാമിക പാഠങ്ങൾ, പ്രബോധനം 1954 നവംബർ 15. തലവാചകം. ''അനിസ്‌ലാമിക ഭരണകൂടത്തിൽ പങ്കുവഹിക്കൽ മുസ്‌ലിമിന്റെ ജോലിയല്ല'' ലേഖനത്തിൽ ഇങ്ങനെ പറഞ്ഞു: 'മുസ്‌ലിമിന്, അല്ലാഹുവിന്റെ ദീനിനൊത്ത് കർമ്മരൂപത്തിൽ തന്നെ മുഴുജീവിതത്തേയും നയിക്കാൻ തീരുമാനിച്ചുകഴിഞ്ഞ മുസ്‌ലിമിന് വല്ല അനിസ്‌ലാമിക ഭരണകൂടത്തിലും പങ്കുവഹിക്കുക ഒരിക്കലും നന്നല്ല. ഇന്നത്തെ മതേതര ഭൗതിക രാഷ്ട്രത്തിൽ സ്ഥാനാർത്ഥിയായി നിൽക്കാനോ മറ്റു വല്ല സ്ഥാനാർത്ഥികളുടെയും വിജയത്തിനുവേണ്ടി പ്രവർത്തിക്കാനോ വോട്ടുരേഖപ്പെടുത്താൻ തന്നെയുമോ ഒരു മുസ്‌ലിമിനു നിവൃത്തിയില്ല. എന്തെന്നാൽ, തന്നെ നാടിന്റെ ഉടമവകാശിയായി ഒരു മുസ്‌ലിം കരുതുന്നില്ല. എങ്കിലല്ലേ ആ അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാനുള്ളൂ. അപ്രകാരം തന്നെ, തന്നെ നിയമ നിർമ്മാണത്തിത്തിനുള്ള വിധികർത്താവായും അവൻ വിചാരിക്കുന്നില്ല എന്നാലല്ലേ തന്റെ അധികാരം മറ്റൊരാളെ ഭാരമേല്പിക്കാനാവൂ ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ ഇതെല്ലാം തീരെ തെറ്റായ ധാരണകളാണ്. യഥാർത്ഥ മുസ്ലിമിന്റെ മഹത്വം അത്തരം അധികാരാവകാശങ്ങളിലല്ല സ്ഥിതി ചെയ്യുന്നത്. ദൈവനിയമത്തെ തികച്ചും പാലിക്കുന്നതിൽ മാത്രമാണ്. ഒരു മുസ്ലിമിന് വല്ല ഭരണകൂടത്തിലും പങ്കുവഹിക്കേണമെങ്കിൽ തന്നെ കുറഞ്ഞാൽ ഒരു ഉപാധിയെങ്കിലും പൂർത്തിയാകണം. ദൈവത്തിന്റെ പരമാധിപത്യം അംഗീകരിക്കപ്പെടുകയും ശരീഅത്തിനെ നിയമ നിർമ്മാണത്തിനുള്ള അടിസ്ഥാന കേന്ദ്രമായി

നിശ്ചയിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു രാഷ്ട്രമായിരിക്കുക. പ്രസ്തുത ഉപാധി കൂടാതെ യാതൊരു ഭരണകൂടത്തിലും പങ്കുവഹിക്കാൻ മുസ്ലിമിനു തന്റെ ദീൻ അനുവദിച്ചിട്ടില്ല.

കാരകുന്നു സാഹിബേ, മേൽ പറഞ്ഞ മൗദൂദി വചനങ്ങളും 'പ്രബോധന' പാഠങ്ങളും നിത്യേന രാവിലെ കൃത്യമായി സേവിച്ചുകൊണ്ടാണല്ലോ താങ്കൾ വളർന്നുയർന്നു വന്നത്. എന്നാൽ കുറെകാലം കഴിഞ്ഞു. ഈ മരുന്നു താങ്കളുടെ ഗുരുക്കന്മാർക്ക് ഉറക്കമില്ലാത്ത രാത്രികളാണ് സംഭാവന ചെയ്തത്. അങ്ങനെ ഡൽഹിയിലെ കേന്ദ്രത്തിൽ നിന്നും എഴുപതുകളുടെ ആരംഭത്തിൽ ഒരു കൊച്ചു പുസ്തകം പുറത്തിറക്കി. നമ്മുടെ നാട്ടിൽ അതിന്റെ പേര് 'ജമാഅത്തെ ഇസ്ലാമി' എന്ത്? എന്തല്ല' എന്നായിരുന്നു ഇന്ത്യയിലെ എല്ലാ പ്രാദേശിക ഭാഷകളിലും അത് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ പറയുന്നു. ''ഗവർമെൻറ് എല്ലാമനുഷ്യർക്കും തുല്യമായ പൗരവകാശം നൽകുക. വർഗ്ഗം, ജാതി, ഭാഷ, മതം എന്നിവയുടെ അടിസ്ഥാനത്തിൽ അവരിൽ യാതൊരു വിധ വിവേചനവും കാണിക്കാതിരിക്കുക, സെക്യുലരിസത്തിന്റെ മറ്റൊരു വിവക്ഷയാണിത്. ഈ ആശയത്തെ ജമാഅത്തെ ഇസ്ലാമി ഒരിക്കലും എതിർത്തിട്ടില്ല (പേജ്-34)

തീർന്നില്ല. ഇതുകൂടിചേർത്തു വായിക്കുക ''ഇൻഡ്യൻ ജമാഅത്തെ ഇസ്ലാമി ഇന്ത്യൻഭരണഘടനയെ അംഗീകരിക്കുന്നുവെന്ന് മാത്രമല്ല മററു സംഘടനകളെക്കാൾ കൂടുതലായി അംഗീകരിക്കുന്നു'' (പേജ്-48)

മൗദൂദിസത്തെ തന്ത്രപൂർവ്വം തള്ളിപറയുക മാത്രമല്ല, 'പ്രബോധന' പ്രഖ്യാപനത്തിൽ പറഞ്ഞ 'മനാത്ത'യെ തോളിലേറുക മാത്രമല്ല സെക്യുലരിസമെന്ന മതേതര ജനാധിപത്യത്തെ ഞങ്ങൾ ഒരിക്കലും എതിർത്തിട്ടില്ലെന്ന് പച്ചയായി നുണപറയുകയും ചെയ്തു. ഇൻഡ്യൻ ഭരണഘടനയെ മററു സംഘടനകളേക്കാൾ കൂടുതലായി അംഗീകരിക്കുന്നു എന്ന ഔദ്യോഗിക ഭാഷ്യം, ഞങ്ങൾ അഞ്ചുനേരം നമസ്കരിക്കുകയും പത്തുനേരം മനാത്തയെ പൂജിക്കുകയും ചെയ്യുന്നവരാകുന്നു എന്നാണോ? എങ്കിൽ മൗദൂദിയൻ സാഹിത്യങ്ങൾ വിററഴിച്ചു പണം സമ്പാദിക്കുന്നതിന്റെ ഔചത്യമെന്ത്?



''അനിസ്ലാമിക ഭരണകൂടത്തിൽ പങ്കുവഹിക്കൽ മുസ്ലിമിന്റെ ജോലിയല്ല'' എന്നു നിങ്ങൾ പ്രഖ്യാപിച്ചല്ലോ. ദീൻ അനുവദിക്കാത്ത കാര്യമാണെന്ന് ദീനിന്റെ 'ഹോൾസെയിൽ സ്റ്റോക്കിസ്റ്റുകളും ഡീലർമാരുമായി, ഇസ്ലാമിനെ പൂർണ്ണമായി സംസ്ഥാപിക്കുവാൻ അഹോരാത്രം ത്യാഗം ചെയ്യുന്ന നിങ്ങൾ വീമ്പിളക്കിയല്ലോ, 1995 ഒക്ടോബർ 31-ാം തിയ്യതി 'മാധ്യമം' പത്രം പുറത്ത് വന്നത് അനിസ്ലാമിക ഭരണകൂടത്തിലുള്ള മുസ്ലിം പങ്കിനെ പ്രശംസിച്ചുകൊണ്ടും ന്യായീകരിച്ചുകൊണ്ടുമായിരുന്നല്ലോ. ആ തൂലികയുടെ കർത്താവ് ജമാഅത്തെ ഇസ്ലാമിയുടെ ഒരു വക്താവായ ഒ. അബ്ദുല്ലയും. ''മുസ്ലിം രാഷ്ട്രീയം തുടരുന്ന പ്രതിസന്ധി'' എന്ന തലവാചകത്തിൽ വന്ന നീണ്ട ലേഖനത്തിൽ അദ്ദേഹം എഴുതി- ''തികച്ചും വ്യത്യസ്ഥമാണ് കേരളത്തിന്റെ അവസ്ഥ. ഇവിടെ മുസ്ലിം രാഷ്ട്രീയ സംഘടന അധികാരത്തിന്റെ ഉച്ചിയിലാണ്. സംസ്ഥാന റവന്യുവിന്റെ അറുപത് ശതമാനം മുസ്ലിംകളാണിവിടെ കൈകാര്യം ചെയ്യുന്നത് എന്നത് വളരെ ചെറിയ കാര്യമല്ല. അറുപത് ശതമാനം പോയിട്ട് അരശതമാനം പോലും കൈകാര്യം ചെയ്യാൻ കേരളത്തേക്കാൾ ജനസംഖ്യാപരമായ അനുപാതം കൂടുതൽ ഉണ്ടായിട്ടും വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിൽ മുസ്ലിംകൾക്കാവുന്നില്ലാ എന്നത് അവഗണിക്കാനാവാത്ത വസ്തുതയാണ്. ആ സംസ്ഥാനങ്ങളിൽ സ്കൂളുകളുടെ ഇറയത്ത് കയറിനില്ക്കാൻപോലും മുസ്ലിം കുട്ടികൾ ഭയപ്പെടുമ്പോൾ ഇവിടെ അവരെ അന്വേഷിച്ച് പ്രി-പ്രൈമറിയും പ്രൈമറിയും സെക്കൻററിയും ഹയർ സെക്കൻററിയും ടി.ടി, സി.യും ബി.എഡും കോളേജും സർവ്വകലാശാലയും വാതിലിൽ വന്നുമുട്ടുകയാണ്. വിതരണത്തിൽ അശാസ്ത്രീയതയും അഴിമതിയും ആരോപിക്കപ്പെട്ടാലും ഈ സ്ഥാപനങ്ങളുടെ ഗുണഭോക്താക്കളിൽ നല്ല ശതമാനം മുസ്ലിം സമുദായമാണ് എന്നത് അനിഷേധ്യമാണ്. ഫാസിസ്റ്റ് പ്രീണനത്തിന്റെ പേരിൽ കോൺഗ്രസ്സ് ബാന്ധവം ഉപേക്ഷിച്ചാൽ തലയിലേററാൻ പോകുന്നത് നഷ്ടത്തിന്റെ മാറാപ്പാണ് എന്ന് ബോധ്യപ്പെടാൻ ഏറെ വിശദീകരണം വേണ്ട''.

ഇതൊക്കെ കൂട്ടിവായിക്കുന്നവർക്ക് ജമാഅത്തെ ഇസ്ലാമി എന്ന തട്ടിപ്പ് സംഘത്തെ തിരിച്ചറിയാനും ഏറെ വിശദീകര

ണം ആവശ്യമില്ല. അവസരവാദ രാഷ്ട്രീയ ഭിക്ഷാംദേഹികളെ നാണിപ്പിക്കുന്ന 'ആദർശാധിഷ്ഠിത' വീരന്മാർ!! 'ദീൻ അനുവദിക്കാത്ത' ഭരണാധികാരം അനുഭവിച്ചവരെ പ്രശംസിക്കുക, 'മുസ്ലിമിന്റെ ജോലിയല്ല' എന്നു പറഞ്ഞ അമുസ്‌ലിം ഭരണക്കൂടത്തിലെ പങ്ക് ഒഴിച്ചുകൂടാത്ത അനിവാര്യതയാണെന്ന് ഉപദേശിക്കുക. അതിനാൽ കോൺഗ്രസ്സിനെ കൈവിടരുതെന്ന് ലീഗിന് മുന്നറിയിപ്പ് നൽകുക. ''മത-ദൈവ നിഷേധിയായ സാക്ഷാൽ നമ്പൂതിരിപ്പാടിനോടുപോലും കിടപിടിക്കാവുന്ന സെക്യുലറിസ്റ്റുകളാണ് കേരളത്തിൽ കോൺഗ്രസ് സംഘടനയ്ക്കു നേതൃത്വം കൊടുക്കുന്നതിൽ മികവെരും'' എന്നും പ്രസ്തുത ലേഖനത്തിൽ എഴുതി ലീഗിനെ പ്രോത്സാഹിപ്പിക്കുക! ഇതല്ലേ മൗദൂദി പറഞ്ഞ നിഫാഖ്?

''ശരീഅത്തിന്റെ ചൂരടി കേൾക്കുന്ന മാത്രയിൽ നരിയുടെ ചൂരുകൊണ്ട് വെപ്രാളംകൊള്ളുന്ന കഴുതയെപ്പോലെ വെപ്രാളം കൊള്ളുന്ന അച്യുതാനന്ദനേക്കാൾ ശരീഅത്തിനു മുസ്‌ലിം താല്പര്യത്തിനും വേണ്ടി വാദിക്കുന്ന വയലാർ രവിയാണ് അഭികാമ്യം''.

''കോൺഗ്രസ്സ് മുന്നണി മുസ്‌ലിം സമുദായത്തെ അവരുടെ രാഷ്ട്രീയ സങ്കല്പത്തിന്റെ പേരെന്തായാലും സ്വീകരിക്കാനും മാന്യമായ സ്ഥാനത്തിരുത്താനും സന്നദ്ധമാകുമ്പോൾ കേരളത്തിൽ ഇടതുമുന്നണിയിലെ അച്ച്യുതാനന്ദൻ മുസ്‌ലിം സമുദായത്തിന്റെ പേരു കേൾക്കുമ്പോൾ നിലാവ് കണ്ട പേ നായയെപ്പോലെ നിർത്താതെ കുരക്കുന്നു''. ഇതൊക്കെ ആ ലേഖനത്തിൽ കാണുന്ന വാചകങ്ങളാണ്.

എ. കെ. ആന്റണിയുടെ സർക്കാർ ചാരായ നിരോധനം ഏർപ്പെടുത്തിയപ്പോൾ ''ചാരായം നിരോധിച്ച മുഖ്യമന്ത്രിക്ക് അഭിനന്ദനം'' എന്ന വാൾപോസ്റ്ററുകളും വാർത്താ ബോർഡുകളും കേരളത്തിലെ വഴിയോരങ്ങളിൽ പരക്കെ പ്രദർശിപ്പിച്ചത് കുട്ടി മൗദൂദികളായ എസ്. ഐ. ഒ. ക്കാരായിരുന്നുവല്ലോ. സ്വകാര്യ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെ അനുവദിക്കുകയും അതിൽ ഗണ്യമായ വിഹിതം മുസ്‌ലിം സംഘടനകൾക്ക് നൽകുകയും മുസ്ലിം വിരോധികൾ അത് സർക്കാരിനെതിരിൽ വലിയ ആയുധമാക്കുകയും ചെയ്ത വാദ-കോ



ലാഹലങ്ങൾക്കിടയിലാണ് മാധ്യമം പ്രസിദ്ധീകരിച്ച ഈ ലേഖനവും വാൾപോസ്റ്ററുകളും വാർത്താ ബോർഡുകളുമെല്ലാം പ്രത്യക്ഷപ്പെടുന്നത്. ''ഞങ്ങളും ഇവിടെയുണ്ട്. ഞങ്ങൾക്കും പല ട്രസ്റ്റുകളുടെ മറവിൽ സ്ഥാപനങ്ങളുണ്ട്. മുസ്ലിം ലീഗിനെ പുകഴ്ത്തുന്നതിന് ഞങ്ങൾക്ക് നാണക്കേടൊന്നുമില്ല. ആദർശമൊക്കെ വെറും കച്ചവടച്ചരക്കുമാത്രമാണ്. അതെപ്പോൾ വേണമെങ്കിലും മാററിയോ മറിച്ചോ പറയാൻ മടിയുള്ളവരല്ല ഞങ്ങൾ അതുകൊണ്ട് ഞങ്ങളെക്കൂടി പരിഗണിക്കേണമേ!'' എന്ന വിലാപം ഇതിന്റെ പിന്നിൽ ഒളിഞ്ഞുകിടന്നിരുന്നുവോ?

ആ സംശയം തള്ളിക്കളയാനാവില്ല. പിന്നീടുണ്ടായ സംഭവങ്ങൾ സംശയത്തെ ദൃഢീകരിക്കുന്നതായിരുന്നു. ഏതാനും മാസങ്ങൾക്കുശേഷം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. അച്യുതാനന്ദനെ കഴുതയും പേനയായുമായി ചിത്രീകരിക്കുകയും വയലാർ രവിയെ നമ്പൂതിരിപ്പാടിനേക്കാൾ നല്ലസെക്യുലറിസ്ററായി വളർത്തി പറയുകയും, മുസ്ലിംലീഗിന്റെ ഭരണ പങ്കാളിത്തം സമുദായത്തിനു അനുഗ്രഹമാണെന്ന് വസ്തുതകൾ നിരത്തി സ്ഥാപിക്കുകയും, കോൺഗ്രസ്സ്മുന്നണിയിലെ ബന്ധം ഒരു കാരണവശാലും വിട്ടുകളയരുതെന്ന് ഉപദേശിക്കുകയും ചെയ്ത ശൈഖ് കാരക്കുന്ന് അവർകളും ഗുരുക്കന്മാരും 'വഴിത്തിരവിൽ' നട്ടം തിരിയുന്നവരുമെല്ലാം കൂടി ശൂറയും മേൽശൂറയും ഉപശൂറകളും കീഴ്ശൂറകളും എല്ലാംകൂടി. എന്നിട്ടൊടുവിൽ നിലാവ് കണ്ട പേനായ്ക്കളെപ്പോലെ ഒന്നായി വിളിച്ചുകൂവി. ''ഈ തെരഞ്ഞെടുപ്പിൽ അച്യുതാനന്ദന്റെ പാർടി നയിക്കുന്ന ഇടതുപക്ഷ മുന്നണിക്ക് നിരുപാധികം പിന്തുണ പ്രഖ്യാപിച്ചിരിക്കുന്നു.'' അയ്യയ്യേ! ഇത് 'സംസ്കാരമോ സർവ്വനാശമോ'!!

എത്ര മനോഹരമായ ഇഖാമത്തുദ്ദീൻ! എത്ര സംശുദ്ധമായ ഹാക്കിമിയ്യത്തെ ഇലാഹി!! നിലാവുകണ്ട പേനായ്ക്കൾ നാണിച്ച് കുര നിർത്തിയിരിക്കുന്നു.

കാലുകൾ ഒരു പാട് മാററി മാററി ഒടുവിൽ '97 ഏപ്രിൽ 12-ലെ പ്രബോധനം പുറത്തിറങ്ങിയപ്പോൾ കാലും തലയും നഷ്ടപ്പെട്ട് പേനയുന്താൻ കൈകൾമാത്രം അവശേഷിച്ചസ്ഥിതി

യിലാണിപ്പോൾ ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തെക്കുറിച്ചു ''ജമാ അത്തിന്റെ കാഴ്ചപ്പാട് എന്ത്?'' എന്ന ചോദ്യത്തിനു ഇൻഡ്യൻ സാഹചര്യത്തെ പ്രത്യേകം മാററി നിർത്തി മറുപടി നൽകിയത്, മൗദൂദിസം അപകടകരവും വജ്ജ്യവുമാണെന്നുള്ള മുജാഹിദ് നിലപാടിനെ സാധൂകരിക്കുന്നു. 'മുജീബ്'' സമർത്ഥിക്കുന്നതിങ്ങനെയാണ് ''ഇൻഡ്യയിലാകട്ടെ മുസ്ലിംകളിൽ തന്നെ വലിയൊരു വിഭാഗത്തിന് ഇസ്ലാമിന്റെ രാഷ്ട്രീയവ്യവസ്ഥയെക്കുറിച്ച് അജ്ഞതയോ തെററായ വിവരങ്ങളോ ആണുള്ളത്. 88 ശതമാനം വരുന്ന അമുസ്ലിംകൾക്ക് ഇസ്ലാമിനെക്കുറിച്ച് മിക്കവാറും ഒന്നുമറിയില്ല. അതിനാൽ ഈ രാജ്യത്ത് ഖിലാഫത്ത് സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നത് അയുക്തികവും അനവസരത്തിലുള്ളതും തെററിദ്ധാരണാജനകവുമാണ്'' (പേജ്–12)

ഭേഷ്! ഖിലാഫത്തിന്റെ സംസ്ഥാപന വിഷയത്തിൽ ഇൻഡ്യൻ സാഹചര്യം പ്രത്യേകം കണക്കിലെടുക്കാതെ മൗദൂദിസം ഇവിടെ പ്രചരിപ്പിക്കുന്നത് അനവസരത്തിലുള്ളതും. അപ്രയോഗികവും തെററിദ്ധാരണാജനകവുമാണെന്ന് കാര്യകാരണസഹിതം മുജാഹിദുകൾ സമർത്ഥിച്ചു. അപ്പോൾ അല്ലാഹുവിന്റെ പരമാധികാരം ഭരണഘടനക്കും രാഷ്ട്രീയകാർക്കും. പങ്കുവെച്ചുകൊടുത്തുകൊണ്ട് ശാഖാപരമായ അഭിപ്രായാന്തരങ്ങളെ പാർവ്വതീകരിച്ച് സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കി രാഷ്ട്രീയ ശിർക്കിൽ ആപതിച്ചവരാണ് മുജാഹിദുകൾ എന്ന് ആർത്തട്ടഹസിച്ച മൗദൂദികളിൽ മുഖ്യസ്ഥാനം താങ്കൾക്കുമുണ്ടല്ലോ. ഇപ്പോൾ ഈ പറഞ്ഞതെന്ത്? തങ്ങൾക്ക് സംഭവിക്കുന്ന വിഡ്ഢിത്തങ്ങളൊക്കെയും സമുദായത്തിലെ ബഹുഭൂരിപക്ഷത്തിന്റെ തലയിൽ കെട്ടിവെച്ച് അവരൊക്കെ വിവരംകെട്ടവരായതിനാൽ തങ്ങളുടെ നിലപാട് അനവസരത്തിലാണെന്ന് പറഞ്ഞു രക്ഷപ്പെടുന്ന തന്ത്രം ഇതാദ്യത്തേതല്ല. മുമ്പൊരിക്കൽ പ്രസിദ്ധീകരിച്ച ''ആഖിറത്ത്'' എന്ന പുസ്തകത്തിൽ കൊടും ക്രൂരമായ ഒരു വാദം നിങ്ങൾ എഴുതിവിട്ടു. സൂറ: നൂഹ് 17-ാം ആയത്തിന് ''അല്ലാഹു നിങ്ങളെ ഭൂമിയിൽ സസ്യമായി മുളപ്പിച്ചു'' എന്നർത്ഥം നൽകുകയും. ശേഷം ഡാർവിൻ സിദ്ധാന്തത്തെ ന്യായീവരിക്കുകയും മുസ്ലിംകൾ അത് വിശ്വസിക്കണമെന്ന് ഉൽബോധിപ്പിക്കുകയും



ചെയ്തു. വിമർശനങ്ങളുടെ കൂരമ്പുകളേററ് നിങ്ങൾ പിടഞ്ഞു അപ്പോൾ ആ പുസ്തകം സ്വകാര്യത്തിൽ വിൽപ്പന നിർത്തി. വിററഴിഞ്ഞുപോയ പുസ്തകങ്ങൾ തെരഞ്ഞുപിടിച്ച് വില നൽകി മടക്കിവാങ്ങി. അതിനെക്കുറിച്ച് പ്രബോധത്തിൽ ചോദ്യം വന്നു. അന്നത്തെ 'മുജീബ്'' അതിനു മറുപടി എഴുതിയത് അത്ഭുതകരമായ ന്യായവാദത്തിലൂടെയായിരുന്നു. മുസ്ലിം സമുദായം ഈ തത്വം ഉൾക്കൊള്ളാൻ മാത്രം വൈജ്ഞാനികമായ വളർച്ച നേടിയിട്ടില്ലാത്ത സാഹചര്യത്തിൽ തെററിദ്ധാരണകൾ ഒഴിവാക്കാൻ തൽക്കാലം ആ പുസ്തകം പിൻവലിച്ചിരിക്കുന്നു. എന്നായിരുന്നു ആ മറുപടിയുടെ ചുരുക്കം. നിങ്ങളുടെ വിവരക്കേട് പാവപ്പെട്ട സമുദായത്തിന്റെ തലയിൽ വെച്ചു രക്ഷപ്പെടുന്ന നിഗൂഢതന്ത്രം തെററുതിരുത്തുന്ന വിനയത്തിന്റെ സ്വഭാവമല്ല. തെററു സംഭവിക്കാത്തവരാണ് തങ്ങൾ എന്ന അഹന്തയുടെ ഉദാഹരണങ്ങളാണ്. 97ലെ മുജീബും ''മുസ്ലിംകളിൽ വലിയൊരു വിഭാഗ''ത്തിന്റെ വിവരക്കേടിനു പിന്നിൽ ഒളിച്ചുനിന്നുകൊണ്ടാണ് മൗദൂദിസം അനവസരത്തിലാണെന്ന് പറഞ്ഞുകൊണ്ട് തടിതപ്പുന്നത്.

കേവലം മൂന്നുവർഷങ്ങൾക്കുമുമ്പ് നിങ്ങൾ 'പ്രബോധനത്തിലൂടെ മുജാഹിദുകൾക്കെതിരിൽ നടത്തിയ അട്ടഹാസം 97ലെ മുജീബിന്റെ തൂലികത്തുമ്പുമായി ഒത്തുനോക്കാനുള്ള സൗമനസ്യമെങ്കിലും ഉണ്ടാകുമെങ്കിൽ അഹന്തയിൽ നിന്നും രക്ഷപ്പെടാൻ സൗകര്യമാകും. ശ്രദ്ധിക്കുക.

''ഇസ്തിഗാസ, ഖബർപൂജ തുടങ്ങിയ ഗുരുതരമായ തെററുകളിൽ അവർ അകപ്പെട്ടുപോയിട്ടുണ്ടെന്നത് തികച്ചും ശരിയാണ്. ഈ വ്യതിയാനങ്ങളെ ലാഘവ ബുദ്ധിയോടെ കാണേണ്ടതുമല്ല. പക്ഷെ ഇതൊരിക്കലും അവരെ മുശ്രിക്കുകളാക്കി പ്രഖ്യാപിക്കുവാനോ അത്തരക്കാരോടുള്ള പ്രബോധനമായിരുന്നു പ്രവാചകന്മാരുടെ മുഖ്യ ദൗത്യമെന്ന് വാദിച്ചുനടക്കാനോ ന്യായമാകുന്നില്ല. ഒരു രാജ്യത്ത് നഗ്നവും വ്യക്തവുമായ ശിർക്ക് സമസ്ത ശക്തിയോടുംകൂടി നിലനിൽക്കേ അതിനെതിരെ ഒരക്ഷരം ഉരിയാടാതെ മുസ്ലിം സമുദായത്തിൽ ചിലരുടെ വിശ്വാസപരമായ വ്യതിയാനങ്ങളെ മാത്രം അതിരൂക്ഷമായും യുക്തിഹീനമായും എതിർത്തു, തങ്ങൾ പ്രവാചക പാരമ്പ

ര്യം കാത്തുസൂക്ഷിക്കുന്നവരാണെന്ന് വാദിക്കാൻ ഔദ്ധത്യം അൽപമൊന്നും പോരാ''. (പ്രബോധനം 84 ജൂൺ 19)

ഈ ഔദ്ധത്യം നിങ്ങളുടെ മുൻ അമീർ മർഹൂം കെ. സി. അബ്ദുല്ലമൗലവിയാണ്, മുജാഹിദുകളെക്കാൾ കൂടുതലും വ്യക്തവുമായി പ്രകടിപ്പിച്ചതെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. പറയിപ്പിക്കുകയാണ് നിങ്ങൾ,

'പരലോകം ഖുർആനിൽ' എന്ന കെ. സി. യുടെ ഗ്രന്ഥം മറിച്ചുനോക്കുക. ''ബദ്‌രീങ്ങൾ, ഉഹദീങ്ങൾ തുടങ്ങിയ മഹാത്മാക്കൾ മുഹ്‌യിദ്ദീൻ ജൈലാനി, അഹ്മദ് റിഫായി തുടങ്ങിയ ശൈഖുമാർ ഇങ്ങനെയുള്ളവരെ വിളിച്ച് പ്രാർത്ഥിക്കുന്ന മുശ്‌രിക്കുകൾ'', (പേ : 160) ഇത്രത്തോളം ഔദ്ധത്യം മുജാഹിദുകൾ കാണിച്ചിട്ടില്ല. ഈ ഗ്രന്ഥത്തിന്റെ പുതിയ പതിപ്പിൽ ഇത് മാററുകയോ തിരുത്തുകയോ ചെയ്തിട്ടുണ്ടോ എന്ന് ഞാൻ പരിശോധിച്ചിട്ടില്ല. ഗ്രന്ഥകാരൻ മരണപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ വാക്കുകളും ആശയങ്ങളും വെട്ടിതിരുത്തുന്ന നീചമായ കള്ളത്തരം ജമാഅത്തുകാരുടെ 'കലമഹിമ'യാണെന്ന് എനിക്കറിയാം. അത് ഞാൻ താഴെ തെളിയിക്കുന്നുണ്ട്. ഇപ്പോൾ പറഞ്ഞുവരുന്നത് മറെറാന്നാണ്. പരിശുദ്ധമായ ഇസ്ലാമിന്റെ പേരിൽ നിങ്ങൾ കെട്ടിയുയർത്തിയ ഈ അവസര വാദ രാഷ്ട്രീയ പാർട്ടി പിരിച്ചുവിട്ടുകൊണ്ട്, അനിസ്ലാമിക ഭരണകൂടത്തിൽ പങ്കുവഹിച്ചതിനെക്കുറിച്ച് വാനോളം ഉയർത്തിയ മുസ്ലിം ലീഗിലേക്ക് കടിയേറുകയാണ് നിങ്ങൾക്ക് കരണീമായിട്ടുള്ളത്. മറിച്ച് ഔദ്ധത്യവും അഹന്തയും അവസരവാദവും വിട്ടെറിഞ്ഞ് പ്രവാചകമാതൃകയിലുള്ള തൗഹീദിന്റെ പ്രചരണാർത്ഥം ഒരു ഇസ്ലാമിക സംഘമാകാനുള്ള വിനയം ഉണ്ടാകുമെങ്കിൽ മുജാഹിദ് പ്രസ്ഥാനവുമായി സഹകരിക്കാം. സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്നവരുമായി ദീനിന്റെ കാര്യത്തിൽ സഹകരിക്കാതിരിക്കാൻ മാത്രം ഔദ്ധത്യം മുജാഹിദുകൾക്ക് ഏതായാലും ഉണ്ടാവില്ല.

ഇത്രയും പറഞ്ഞത് താങ്കൾ നേതൃത്വം നല്കുന്ന പ്രസ്ഥാനത്തെക്കുറിച്ചായിരുന്നു. ഇനി പറയാനുള്ളത് താങ്കളെ വ്യക്തിപരമായി ബാധിക്കുന്ന ചില വിഷയങ്ങളെപ്പററിയാണ്.



നബി(സ)യുടെ പേരിൽ താങ്കൾ ഉദ്ഘാടനം ചെയ്ത ഒരു കള്ള ഹദീസ് നാട്ടിലൊക്കെയും ഇപ്പോൾ പ്രചരിച്ചിട്ടുണ്ട്. എന്റെ പൂർണ്ണമായ ബോധ്യത്തിലാണ് ഞാനിത് പറയുന്നത്. തെളിവിന്റെ അടിസ്ഥാനത്തിൽ ഇത് കേവലം ഒരാരോപണം മാത്രമാണെന്ന് താങ്കൾ തെളിയിക്കുന്ന പക്ഷം ഞാൻ തിരുത്തുകയും മാപ്പുപറയുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നതാകുന്നു.

74 ഡിസംബർ 24ന് (അന്നു താങ്കൾ ബ്രദർ ആണെന്നാണ് എന്റെ ഓർമ്മ) ചന്ദ്രിക ഈദുൽ അസ്ഹാ സപ്ലിമെൻറിൽ 'അന്ത്യ പ്രവാചകന്റെ അന്ത്യപ്രസംഗം' എന്ന ഹെഡ്ഡിങ്ങിൽ താങ്കളുടെ ലേഖനം വന്നിരുന്നല്ലോ. നബി(സ)യുടെ 'ഹജ്ജത്തുൽ വിദാഇലെ' പ്രസംഗത്തിന്റെ മലയാള വിവർത്തനമായിരുന്നു ലേഖനത്തിന്റെ കഴമ്പ്. അതിൽ താങ്കൾ എഴുതിയ ഒരു ഹദീസിന്റെ സാരം ഇപ്രകാരമാണ്.

''ജനങ്ങളെ, പിശാചിന്ന് നിരാശനാണ്. നിങ്ങളുടെ ഈ രാജ്യം അവന്റെ കൽപ്പന നിരാകരിച്ചിരിക്കുന്നുവെന്ന് ബോധ്യമായിട്ടുണ്ട്. അതിനാൽ അവൻ പ്രതികാരം ആഗ്രഹിക്കുന്നു. ശ്രദ്ധിക്കുക സൂക്ഷിക്കുക''.

ഇതുകണ്ടപ്പോൾ ഈ വാക്യങ്ങളുടെ അറബിമൂലം ഒന്നറിയിച്ചുതരണമെന്നാവശ്യപ്പെട്ട് സൽസബീൽ പത്രാധിപർ ഉമർ മൗലവി സാഹിബ് കൊച്ചിയിൽനിന്നും താങ്കൾക്ക് ഒരു കത്തയച്ചു. കുറെ ദിവസങ്ങൾക്കുശേഷം മറുപടി കാണാതിരുന്നപ്പോൾ അന്നു കൊച്ചിയിൽ ഉണ്ടായിരുന്ന ജ: കെ. സി. അബൂബക്കർ മൗലവി അതേക്കുറിച്ച് താങ്കൾക്കെഴുതി. കെ. സി.ക്ക് താങ്കൾ അയച്ച മറുപടി സൽസബീൽ 75 ഫെബ്രുവരി ലക്കത്തിൽ ചേർത്തിരുന്നു. ഇപ്രകാരമാണത്. ''ഉമർ മൗലവി നടത്തിക്കൊണ്ടിരിക്കുന്നത് ഇസ്‌ലാഹി പ്രവർത്തനമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മാത്രമല്ല, അവ ഇസ്‌ലാമിക വിരുദ്ധങ്ങളും ഇസ്‌ലാമിന്റെ എതിരാളികളെ മാത്രം തൃപ്തിപ്പെടുത്തുകയും ചെയ്യുന്നവയാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അതിനാൽ അയാളെ ഞാൻ പരിഗണിച്ചിട്ടേയില്ല'.

ഈ 'വിനയം' താങ്കൾക്കുമാത്രമായുള്ള പ്രത്യേകതയല്ല. ജമാഅത്തെ ഇസ്‌ലാമിയിൽ നല്ല പരിശീലനം സിദ്ധിച്ച വലിയവരിലും ചെറിയവരിലും ഒരു പോലെ കാണുന്ന 'ഗുണ'മാണ്. അതേക്കുറിച്ചുകൂടുതൽ പറയുന്നില്ല. ഗുരുതരമായ കാര്യം ഹദീസ് സംബന്ധിച്ചുള്ളതാണ്. നബി(സ)യുടെ അന്ത്യ പ്രസംഗത്തിൽ താങ്കൾ എഴുതിയ വാചകങ്ങൾക്കനുസൃതമായ ഹദീസ് കാണുന്നില്ല. ഉണ്ടെങ്കിൽ അത് തെളിയിക്കേണ്ടത് താങ്കളുടെ ബാദ്ധ്യതയായിരുന്നു. ഞാൻ ഒട്ടേറേ സ്റ്റേജുകളിൽ ഈ കാര്യം ഉന്നയിച്ചിട്ടുണ്ട്. പലവട്ടം എഴുതുകയും ചെയ്തു. ഏററവും ഒടുവിൽ 15-8-97ൽ അരീക്കോട് കുനിയിൽ സത്യാന്വേഷണ സമിതി സംഘടിപ്പിച്ച മഹായോഗത്തിൽ ഞാനിത് പറഞ്ഞു. യോഗത്തിലേക്ക് നിങ്ങൾക്ക് ക്ഷണമുണ്ടായിരുന്നുവെങ്കിലും മുകളിൽ കണ്ട സ്വഭാവത്തിലുള്ള ഒരു കത്ത് അയച്ച് താങ്കളും കൂട്ടുകാരും പിൻവാങ്ങുകയാണുണ്ടായത്. സത്യത്തോടും സംഘടനയോടും പ്രതിബദ്ധതയുള്ള ഏതൊരാളും യാതൊരു മുടക്കും, ഇല്ലാത്തവണ്ണം വേദിയൊരുങ്ങികിട്ടിയാൽ അത് ഉപയോഗപ്പെടുത്തും. എപ്പോഴും മാററിപ്പറയുകയും എന്നിട്ട് ആദർശമാററമല്ല നയംമാററമാണെന്ന് ന്യായീകരിക്കുകയും ചെയ്യുന്നവർക്ക് ഇത്തരം വേദികൾ ഭീഷണിതന്നെയാണ്. എന്നാൽ താങ്കളും കൂട്ടുകാരനും പ്രസ്തുത യോഗത്തിനുശേഷം കുനിയിൽ ചെന്ന് പ്രസംഗിച്ചുവല്ലോ. അന്നു എന്തുകൊണ്ട് പ്രസ്തുത ഹദീസ് അവിടെ ഉദ്ധരിച്ചില്ല? ഇബാദത്തിന് മൂന്നർത്ഥമുണ്ടെന്നും അവ മൂന്നും തൗഹീദിൽ പരിഗണിക്കണമെന്നും മൗദൂദിസാഹിബ് വാദിക്കുകയും നിങ്ങൾ അത് ഏററുപാടുകയും ചെയ്യുന്നുണ്ടല്ലോ. മൗദൂദിക്ക് മുമ്പ് മൂന്നർത്ഥവും പരിഗണിക്കണമെന്ന് പറഞ്ഞ ഒരു പണ്ഡിതന്റെ പേർ ഉദ്ധരിക്കാനുള്ള ഉമർ മൗലവിയുടെ വെല്ലുവിളി പതിററാണ്ടുകളായി ഹിമാലയ പർവ്വതം പോലെ നിങ്ങളുടെ മുമ്പിൽ ഉയർന്നു നിൽക്കുന്നു. എന്തുകൊണ്ട് കുനിയിൽ വന്നപ്പോൾ അതു പറഞ്ഞില്ല. എത്ര എളുപ്പത്തിൽ തർക്കം അവസാനിക്കുമായിരുന്നു. കുറെ അലമുറയിട്ട് നുണപറഞ്ഞു ഉമർ മൗലവിയെ അധിക്ഷേപിച്ച് കാടിളക്കിപ്പോയാൽ അസത്യം സത്യമാകുമെന്ന് ആരാണ് നിങ്ങൾക്ക് ഓതിതന്നത്.



ശൈഖ് അവർകളെ, താങ്കൾ തുടങ്ങിവെച്ച ഈ കള്ള ഹദീസ് പിന്നീട് പലരും എടുത്ത് ഉദ്ധരിക്കുകയും നബി(സ)യുടെ അന്ത്യ പ്രസംഗം എന്ന പേരിൽ കലണ്ടർ രൂപത്തിൽ അച്ചടിച്ച് നാടുനീളെ പരത്തുകയും ചെയ്തിട്ടുണ്ട്. വിവിധ രൂപത്തിലാണ് വാചകങ്ങൾ. എം.ഇ.എസ്. യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മററി പുറത്തിറക്കുകയും ആലുവായിലെ ഒരു പൗര പ്രമുഖനായ എം. ബാവ മൂപ്പൻ സ്പോൺസർ ചെയ്യുകയും ചെയ്ത കലണ്ടറിൽ താഴെ കാണുംപ്രകാരമാണുള്ളത്. 'നിങ്ങളുടെ മതത്തെ സംരക്ഷിക്കാനായി നിങ്ങൾ പിശാചിനെ കരുതിയിരിക്കുക കാരണം ഇനിയും വലിയ പാപങ്ങളിലൂടെ നിങ്ങളെ തെററിക്കാൻ എന്നെങ്കിലും കഴിയും എന്നവനു പ്രതീക്ഷയില്ല. അതിനാൽ ചെറിയ കാര്യങ്ങളിൽ അവനെ പിൻപററുന്നത് നിങ്ങൾ ഭയപ്പെടുക'.

പ്രവാചകൻ ഒരു കാര്യം പറഞ്ഞാൽ അതേപടി അത് സംഭവിക്കണമല്ലോ. മറിച്ചായാൽ ആ മഹത്തായ സ്ഥാനത്തിനു അത് കോട്ടമാണ്. 'വലിയ പാപങ്ങളിലൂടെ നിങ്ങളെ തെററിക്കാൻ എന്നെങ്കിലും കഴിയും എന്നവന് പ്രതീക്ഷയില്ല'. അപ്പോൾ വലിയ പാപങ്ങളിൽ മുസ്‌ലിംകൾ അകപ്പെടാൻ ഇടയില്ലല്ലോ. പക്ഷെ എന്താണ് നമ്മുടെ അനുഭവം പരിശുദ്ധ ഹറമിൽ വെച്ചുപോലും മഹാപാപം ചെയ്തവരെ കണ്ടെത്തുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അപ്പോൾ നബി വചനം നിരർത്ഥകമാകുന്നുവോ?!

റസൂൽ (സ) പറഞ്ഞു "എന്റെ പേരിൽ ആരെങ്കിലും ഒരു കളവ് കെട്ടിപ്പറഞ്ഞാൽ അവൻ നരകത്തിൽ ഇരിപ്പിടം കാത്തുകൊള്ളട്ടെ'.

കൊടുങ്ങല്ലൂരിൽനിന്നും ഒരു സംഘടന ഈ കലണ്ടർ പുറത്തിറക്കി. കോഴിക്കോട്ടുനിന്നും ഒരു വ്യാപാര സ്ഥാപനവും കൊച്ചിയിൽനിന്നും ഒരു വിദേശ കയററുമതി കമ്പനിയും ഈ കലണ്ടർ പ്രസിദ്ധീകരിച്ചു. കൊച്ചിയിൽനിന്നുതന്നെ യുവാക്കളുടെ ഒരു സംഘടന പ്രസിദ്ധീകരിച്ചു. കൊച്ചിയിലെ വ്യവസായികൾ ഇതിൽ കൃത്രിമമുണ്ടെന്നറിഞ്ഞു അതിന്റെ വിതരണം നിർത്തി. കൊച്ചിയിലെ യുവസംഘം കൃത്രിമത്തി

ന്റെ ആരോപണം. ഉയർന്നപ്പോൾ പണ്ഡിതന്മാരെക്കൊണ്ട് പരിശോധിപ്പിക്കുകയും തെററ് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പിന്നീട് യഥാർത്ഥമായ നിലയിൽ പുന:പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിഭയങ്കരമായ ഈ കൃത്രിമം പ്രവാചകന്റെ പേരിൽ തുടങ്ങിവെച്ചത് താങ്കളായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അത് വീണ്ടും ആവർത്തിക്കുന്നു. താങ്കളുടെ വാദം തെളിയിക്കാനും തെററ് സംഭവിച്ചുവെങ്കിൽ പശ്ചാത്തപിക്കുവാനും തിരുത്തുവാനും ഇനിയും അവസരമുണ്ട്. പക്ഷെ അഹങ്കാരം ഒഴിവാക്കണം വിനയം കൈക്കൊള്ളണം. ഫിർഔന്റെയും അബൂജഹ്ലിന്റെയും മാനസികഭാവം ഉൾക്കൊള്ളുന്നവർക്ക് സത്യത്തിന്റെ മുമ്പിൽ തലകുനിക്കാൻ മനസ്സുണ്ടാവില്ല. അഹന്തയാണവരുടെ മൂലധനം. നരകത്തിലെ ഇരിപിടമാണ് അവർക്ക് അർഹതപ്പെട്ടതും,

ഈ കൃത്രിമത്തിന്റെ പിന്നിൽ മൗദൂദിയോടുള്ള അനുരാഗാത്മകമായ ഭ്രമമാണ് ഉണ്ടായതെന്ന് വായനക്കാർ അറിഞ്ഞിരിക്കട്ടെ. നബി(സ) അന്ത്യപ്രസംഗത്തിൽ താഴെ പറയുന്ന ഒരു വചനമുണ്ട്.

അലാ വ ഇന്ന ശൈത്വാന ഖദ് അയിഅസ അൻയുഅ്-
ബദ ഫീ ബലദിക്കും ഹാദാ-

വലാ കിന്നഹു റളിയ ബി അൻ യുതാ അ ഫീമാ ദൂന-
ദാലിക മിമ്മാ തഹ്ഖിറൂനഹു

സാരം: ''ശ്രദ്ധിക്കുക, ഈ നാട്ടിൽ താൻ ഇബാദത്ത് ആരാധന) ചെയ്യപ്പെടുകയില്ലെന്നതിനെക്കുറിച്ചു പിശാച് നിരാശപ്പെട്ടിരിക്കുന്നു. പക്ഷെ നിങ്ങൾ നിസ്സാരമെന്ന് വിചാരിക്കുന്ന ദുഷ്കൃത്യങ്ങളിൽ അവനെ അനുസരിക്കും എന്നതിൽ അവൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു''

മൗദൂദസത്തിന്മേൽ കണ്ഠകോടാലികയററുന്ന ഹദീസാണിത്. പ്രവാചകൻ പറയുന്നു: ഇബാദത്ത് (ആരാധന) ഉണ്ടാകുകയില്ല. എന്നാൽ ഇതാ അത്ത്(അനുസരണം) ഉണ്ടാകും. അപ്പോൾ ഇബാദത്തിന് അനുസരണം എന്നർത്ഥമാണെന്ന് മുച്ചൂടും വാദിക്കുന്ന യഥാർത്ഥ മൗദൂദികൾക്ക് ഈ നബി വചനം



എങ്ങനെ ദഹിക്കും? മാത്രമല്ല ഈ ഹദീസ് കണ്ടപ്പോൾ കഠിനമായ വെറുപ്പും തോന്നിയിരിക്കാം. മൗദൂദിസത്തെ രക്ഷിക്കേണ്ടത് തന്റെ ഒഴിച്ചുകൂടാത്ത ബാധ്യതയായി കരുതുന്ന ഏതൊരവിശ്വാസിക്കും ഈ വെറുപ്പ് ഉണ്ടാകാവുന്നതാണ്. അതാണോ ഇവിടെ സംഭവിച്ചത്? നബിവചനത്തിന്മേൽ ഒരു കൃത്രിമം നടത്തിയാലും തൽക്കാലം മൗദൂദിസത്തിനു കോട്ടം സംഭവിക്കാതിരിക്കട്ടെ! അങ്ങനെ ആകെ ഒരു മാററിമറിക്കൽ. ഹദീസിന്റെ അറബിമൂലം ആവശ്യപ്പെട്ടവരെ ഇസ്ലാമിന്റെ ശത്രുക്കളായി പ്രഖ്യാപിക്കാം. അവരെ പരിഗണിക്കാതിരിക്കാം. എത്ര കഠിനകഠോരമായ പൈശാചിക ചിന്ത ! നാടാകെ ഈ കള്ള ഹദീസ് പ്രചരിക്കുന്നത് കണ്ട് ആനന്ദസുരഭിലമായ അഹന്തയോടെ കാലം കഴിക്കാം !!

ജമാഅത്ത് പ്രസിദ്ധീകരണാലയത്തിന്റെ (I. P. H.) ഡയരക്ടർ ശൈഖ് മുഹമ്മദ് കാരക്കുന്ന് അവർകളോട് ഒരു ചോദ്യം?

താങ്കളുടെ മേൽനോട്ടത്തിലാണല്ലോ ഇപ്പോൾ ഐ. പി. എച്ച്. 1949-ൽഖുത്ത്ബാത്ത് മലയാള പരിഭാഷ പുറത്തിറക്കി. നിങ്ങളുടെ കേരളാസ്ഥാപക അമീർ മർഹൂം മുഹമ്മദാലി ഹാജിയാണ് വിവർത്തകൻ.

938ൽ പഞ്ചാബിലെ പത്താൻകോട്ടിനടുത്തുള്ള ജമാൽപൂരിൽ മൗദൂദി നടത്തിയ ഖുത്ത്ബകളുടെ ഈ സമാഹാരം 1940-ൽ അദ്ദേഹം ഉറുദുവിൽ പ്രസിദ്ധീകരിച്ചു. ഖുത്ത്ബാത്തിലെ അനേകം മതവിരുദ്ധ വാദങ്ങൾ വിവരമുള്ളവർ കണ്ടെത്തി പുറത്ത് പറഞ്ഞപ്പോൾ നിങ്ങളുടെ മറുപടി. അത് സ്വാതന്ത്ര്യത്തിനു മുമ്പുള്ള സാഹചര്യങ്ങളെ വിലയിരുത്തി പറഞ്ഞ കാര്യങ്ങളാണ്. അപ്പോൾ സ്വാതന്ത്ര്യത്തിനുമുമ്പ് മതവിരുദ്ധം ഹലാലോ? എന്നാൽ സ്വാതന്ത്ര്യശേഷം ഇറക്കിയ മലയാള പരിഭാഷയുടെ കവർപേജിൽ 'ഇസ്ലാമിന്റെ യാഥാർത്ഥ്യം ജനങ്ങൾക്ക് ഗ്രഹിക്കാൻ പററിയ ഒരു ഉത്തമ ഗ്രന്ഥം' എന്ന് അച്ചടിച്ചതോ?

ഖുത്ത്ബാത്ത് ഇപ്പോൾ പത്താംപതിപ്പാണ് വിററഴിക്കുന്നത്. ആയിരക്കണക്കിന് കോപ്പികൾ ജനങ്ങളുടെ കയ്യിൽ എത്തിക്കഴിഞ്ഞു. ഗ്രന്ഥകാരന്റെ ആശയഗതികൾ അവർ വാ

യിച്ചറിഞ്ഞു. പരിഭാഷകൻ വളരെ മുമ്പേ മരണപ്പെട്ടു. പിന്നീട് ഗ്രന്ഥകർത്താവും. അപ്പോൾ ഇനി അതിൽ ഒരു മാററലോ തിരുത്തലോ സാധ്യമല്ല. പാടുള്ളതല്ല, ആർക്ക്? മര്യാദയും സംസ്കാരവുമുള്ളവർക്ക്. പരമാവധി ചെയ്യാൻ കഴിയുന്നത്, വിയോജിപ്പുള്ള സ്ഥലങ്ങളിൽ പ്രസാധകർക്ക് അടിക്കുറിപ്പ് കൊടുക്കാം. എന്നാൽ നിങ്ങളുടെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ച 10-ാം പതിപ്പിൽ മൗദൂദിയുടെ രണ്ട് സുപ്രധാന ആശയങ്ങൾക്ക് നിങ്ങൾ കത്തിവെച്ചു. പൂച്ച പാൽ കുടിക്കുമ്പോൾ കണ്ണടക്കും എന്ന് പഴമക്കാർ പറയാറുണ്ട്. ആരും കാണാതിരിക്കാനാണത്രെ അത്! ആരും അറിയില്ലെന്ന് നിങ്ങളും കരുതിയോ?

ജമാഅത്തായി നമസ്കരിക്കുവാൻ പരിശീലിപ്പിച്ചതിന്റെ അർഥത്തെക്കുറിച്ച് മൗദൂദി പറഞ്ഞത്. ''ഒരു ചെറിയ പരിക്കുള്ളിൽ വെച്ചുകൊണ്ട് സുശക്തവും വിപുലവുമായ ഒരു ഭരണകൂടത്തെ നടത്തുവാൻ നിങ്ങളെ പരിശീലിപ്പിക്കുകയും അതിനു നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ്'' എന്നാൽ 94-ൽ പുറത്തിറക്കിയ 10-ാം പതിപ്പിൽ ''ഭരണകൂടത്തെ നടത്തുവാൻ'' എന്ന വാക്ക് എടുത്തുമാററി ''ഒരു സാമൂഹികക്രമം കെട്ടിപ്പടുക്കുവാൻ'' എന്നു തുന്നിച്ചേർത്തു. (പേ: 168) തീർന്നില്ല. മറെറാരിടത്ത് ''അല്ലാഹുവിന്റെ സൃഷ്ടികൾ ഉത്തമമായ നിലയിൽ പരിഷ്കരിച്ചു അഭിവൃദ്ധിപ്രാപിക്കണമെന്ന് വാസ്തവത്തിൽ വല്ലവരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വെറും ഉപദേഷ്ടാക്കളും പ്രസംഗകരുമായികൊണ്ട് പ്രവർത്തിക്കുകയെന്നത് തീരെ നിഷ്ഫലവും നിഷ്പ്രയോജനവുമാകുന്നു'' എന്നു മൗദൂദി പറയുന്നു, ശരിയായ അർത്ഥത്തിൽ, മനുഷ്യവർഗ്ഗത്തിന് ഇമാമായി റബ്ബ് നിശ്ചയിച്ച ഇബ്രാഹിംനബി (അ)യടക്കം ആയിരക്കണക്കിന് പ്രവാചകന്മാരുടെ പ്രവർത്തനങ്ങൾ നിഷ്ഫലവും നിഷ്പ്രയോജനവും ആയിരുന്നപോൽ! (നഊദുബില്ലാഹ്)

തെററ് ബോധ്യമായാൽ മര്യാദ പാലിക്കുന്നവർ അവിടെ ഒരടിക്കുറിപ്പ് നല്കും. അപ്പോൾ മൗദൂദിക്ക് സംഭവിച്ച പിഴവ് പ്രസാധകർ കണ്ടറിഞ്ഞുവെന്ന് വായനക്കാർ ഗ്രഹിക്കും. പക്ഷെ മൗദൂദിക്ക് തെററുകയോ? അതൊരിക്കലും വേണ്ട. പൂച്ച



യുടെ പാലുകുടിതന്നെ അഭികാമ്യം. ''നിഷ്ഫലവും നിഷ്പ്രയോജനവുമാകുന്നു'' എന്ന വാചകം പറിച്ചുമാററി. പകരം 'ഉപദേഷ്ടാക്കളും പ്രസംഗകരുമായി മാറിയാൽ പോരാ'' എന്നാക്കി. (പേ: 803) വളരെ പ്രധാനപ്പെട്ട രണ്ട് മൗദൂദിയൻ ആശയങ്ങളാണ് അദ്ദേഹത്തിന്റെ മരണശേഷം നിങ്ങൾ വിഴങ്ങിയത്. വിവർത്തകന്റെ പേര് വി.പി. മുഹമ്മദലി തന്നെ! എന്നാൽ 10-ാ പതിപ്പിലെ പ്രസാധകക്കുറിപ്പിൽ (15-1-94) പറയുന്നു. 'ഇസ്ലാമിക നവോത്ഥാനത്തിന്റെ ആധീരനായകൻ ചരിത്രത്തിന്റെ ഭാഗമായികഴിഞ്ഞിരിക്കെ തിരുത്തുകൾ പ്രായോഗികമല്ല''. ഐ. പി. എച്ച്. ഡയരക്ടർ അവർകളെ, ഇത് സംസ്കാരമോ സർവ്വനാശമോ? ഈ മുദ്രാവാക്യം ചുമലിലേററി കുട്ടികളെക്കൊണ്ട് നിങ്ങൾ ക്യാമ്പയിൻ നടത്തിച്ചുവല്ലോ. നിങ്ങൾക്കില്ലാതെപോയ സംസ്കാര മര്യാദകൾ ജനങ്ങൾക്കുണ്ടാകണമെന്ന് എന്തിനുപറയുന്നു? ഖുർആന്റെ താക്കീത് ഓർമ്മയില്ലേ;

ഇനിയുമുണ്ട് ഖുത്ബാത്തിൽ ഏറെ കൃത്രിമങ്ങൾ ഉദാഹരണാർത്ഥം രണ്ടെണ്ണം എടുത്ത് പറഞ്ഞു. അടിയന്തിരാവസ്ഥയുടെ 77 കാലം ജമാഅത്തിന്റെ കേന്ദ്രകമ്മററി രഹസ്യമായി ഒരു പുസ്തകം ഇറക്കി. പാർടി മെമ്പർമാർക്കുമാത്രം എന്നതിൽ അച്ചടിച്ചിരുന്നു. സ്വകാര്യമായ വിതരണം. പേര് 'ജ: ജു: 27 വർഷം'. അതിൽനിന്നൊരു വാചകം കേൾക്കുക. ''ജമാഅത്തിന്റെ പ്രബോധനത്തിന്റെ ആത്മാവായ മൗലികബിന്ദുക്കളോടും അവയുടെ വിശദീകരണങ്ങളോടും മാത്രമല്ല അവർ വൈകാരികബന്ധം പുലർത്തിവന്നത്. മറിച്ച് മൗലാനാമൗദൂദി തന്റെ കൃതികളിൽ സ്വീകരിച്ചിരുന്ന വിശദാംശങ്ങളോടും വിവരണ ശൈലിയോടുംകൂടി അനുരാഗാത്മകമായ ഭ്രമമായിരുന്നു അവർക്ക്''.

ഈ ഭ്രമമാണ് തലച്ചോറിനും മനസ്സിനും കേടുവരുത്തിയത്. നബി (സ)യുടെ പേരിൽ കള്ളഹദീസ് നിർമ്മിച്ചത്. ഖുത്ബാത്തിന്റെ വരികൾക്കിടയിൽ കള്ളത്തരം കാട്ടിയത്. കുനിയിൽ പ്രസംഗിച്ചപ്പോൾ ഉമർ മൗലവിക്ക് 24 വർഷം മുമ്പ് മേൽപ്രകാരം കത്തെഴുതിയതിൽ ആനന്ദിക്കുകയും ആഹ്ലാദം രേഖപ്പെടുത്തുകയും ചെയ്യുത്. ഒരുപാട് മാറിമറിക്കലുകൾ നടത്തിയിട്ടും അഹന്ത കൈവിടാത്തത്. 'മനാത്ത'യെ പൂജിക്കേണ്ട ഗതികേട് വന്നത്, സുപ്രീം കോടതിയുടെ വാതില്ക്കൽ ചെന്ന് വിലപിച്ചത്. മുസ്ലിംലീഗിനെ അഭിനന്ദിക്കുകയും അച്യുതാനന്ദന്റെ പാർട്ടിക്ക് നിരുപാധിക പിന്തുണ നൽകിയതും. രോഗം അനുരാഗ ഭ്രമംതന്നെ. ചികിത്സ അതിൽനിന്നുള്ള മോചനംതന്നെ. അല്ലാഹു സഹായിക്കുമാറാകട്ടെ. എന്ന്, വിനീതൻ (ഒപ്പ്)

**അനുബന്ധം**: ഗ്രന്ഥകാരനും സാംസ്കാരിക പ്രവർത്തകനുമായ വാണിദാസ് എളയാവൂർ രചിച്ച ''പ്രവാചക കഥകൾ'' എന്ന ഗ്രന്ഥം, കെട്ടിലും മട്ടിലും സാമാന്യനിലവാരം പുലർത്തുന്നതാണ്. ഗ്രന്ഥത്തിന്റെ പരിശോധകനും എഡിററും ശൈ

ഖ് മുഹമ്മദാണ്. ഇദ്ദേഹത്തെക്കുറിച്ച് ഗ്രന്ഥകാരൻ വാഴ്ത്തുന്നു. 'ഇസ്ലാമിക സാഹിത്യരചന ഒരു തപസ്യയായി നിർവ്വഹിച്ചുപോരുന്ന പണ്ഡിതനും സർഗ ധനനുമായ ശൈഖ് മുഹമ്മദ് കാരക്കുന്ന് ഈ പുസ്തകത്തിന്റെ അകംതൊട്ട് പരിശോധിക്കുന്നതിലും ഇതിന്റെ രൂപകല്പന സാധിക്കുന്നതിലും കാണിച്ച ആത്മാർത്ഥമായ താല്പര്യം മറക്കാനാവാത്തതാണ്''.

പ്രവാചക വചനത്തിൽ കൈക്രിയ ഒരു തപസ്യയായി തന്നെ അദ്ദേഹം തുടർന്നുവരുന്നു എന്നതിന്റെ ഒടുവിലത്തെ തെളിവാണ് ഈ ഗ്രന്ഥം. 'ഇന്നും മുഴങ്ങുന്ന പ്രഭാഷണം' എന്ന തലവാചകത്തിൽ നബി(സ)യുടെ ഹജ്ജത്തുൽ വിദാഅ്ലെ പ്രസംഗം ഗ്രന്ഥത്തിൽ തർജ്ജമ ചെയ്തു ചേർത്തിട്ടുണ്ട്. അതിൽ മേൽ പറഞ്ഞ ഹദീസ് വചനത്തിന്റെ അർത്ഥം ഇപ്രകാരമാണ്. 'നിങ്ങളുടെ ഈ നാട്ടിൽ പിശാച് ആരാധിക്കപ്പെടുമെന്നുള്ളത് അവന്റെ വ്യാമോഹം മാത്രമാണ്. എന്നിരുന്നാലും നിസ്സാരമായി കരുതുന്ന പ്രവർത്തനങ്ങളിൽ സ്വാധീനംചെലുത്താൻ പിശാച് തക്കംപാർത്തിരിക്കുന്നുണ്ട്. അതുകൊണ്ട് നിങ്ങളുടെ വിശ്വാസ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ജാഗ്രത പാലിക്കുക'. (പേ: 243)

ഇവിടെ 'യുഅ്ബദ' എന്ന പദത്തിന് 'ആരാധിക്കപ്പെടുക' എന്ന നേരായ അർത്ഥം തന്നെ കൊടുത്തു. ശേഷമാണ് തന്റെ കൈക്രിയ. 'വ്യാമോഹം' എന്ന അർത്ഥത്തിന് ഹദീസിൽ പദമില്ല. അവിടെ വ്യാമോഹവുമില്ല. മോഹവുമില്ല നിരാശപ്പെട്ടിരിക്കുന്നു എന്നാണ് വാക്ക്. രണ്ടാം വചനത്തിൽ 'സ്വാധീനം ചെലുത്താൻ' എന്നതും കൈക്രിയതന്നെ. 'അനുസരിക്കപ്പെടും എന്നതിൽ പിശാച് തൃപ്തിപ്പെട്ടിരിക്കുന്നു' എന്നാണ് നബി(സ) അറിയിച്ചത്. ഇവിടെ ആരാധനയെന്ന് ഇബാദത്തിന് ആദ്യവചനത്തിൽ അർത്ഥം നൽകിയതിനാൽ രണ്ടാംവചനത്തിൽ അനുസരണം എന്ന യഥാർത്ഥ അർത്ഥം നൽകാൻ വയ്യ. മൗദൂദിസം പൊളിയും. ആരാധന ഉണ്ടാകില്ല. പക്ഷെ അനുസരണം ഉണ്ടാകും എന്നാണല്ലോ നബിവചനം. അപ്പോൾ ഇബാദത്തും അനുസരണവും വ്യത്യസ്ത വിഷയങ്ങളെക്കുറിക്കുന്നു എന്നു വായനക്കാർ തിരിച്ചറിയും. താൻ എഡിററായ ഒരു ഗ്രന്ഥത്തിൽ അത് സംഭവിക്കരുതല്ലോ! ശുദ്ധമനസ്കതയും പ്രവാചകനോട് അളവററ ആദരവും പ്രകടിപ്പിക്കുന്ന നല്ലവനായ ആ ഗ്രന്ഥകാരനെയും ചതിച്ചു! ഹിറാനഗർ സംവിധാനിക്കാൻ ഒരുങ്ങുന്നവരേ, ഹിറാഗുഹയിൻനിന്നുയിർക്കൊണ്ട ആ വെളിച്ചംകെടുത്താൻ കൈവിരുത് കാട്ടുന്ന ഈ എഡിററെക്കുറിച്ച് നിങ്ങളും എന്തുകരുതുന്നു? അല്ലാഹുവിൽ ശരണം! ○